**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 521** **23-02-2022 - ൽ മറുപടിയ്ക്ക്**

**പെൻഷൻ മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിർദ്ദേശിച്ച സമയത്ത് മസ്റ്ററിംഗ് നടത്താൻ കഴിയാത്തവർക്ക് പെൻഷൻ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അതിദരിദ്ര വിഭാഗത്തിൽ ഉൾപ്പെടുന്ന ഇത്തരക്കാർക്ക് മസ്റ്ററിംഗ് നടത്താൻ കഴിയാത്ത സമയത്തെ പെൻഷൻ കുടിശ്ശികയായി പരിഗണിച്ച് അനുവദിക്കാൻ തടസ്സമുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നിലപാട് അറിയിക്കാമോ; | (ബി) | അത്തരക്കാരുടെ പെൻഷൻ മസ്റ്റർ ചെയ്യുന്ന മുറയ്ക്ക് പുന:സ്ഥാപിച്ച് നൽകുന്നതും മസ്റ്റർ ചെയ്യുന്ന മാസം മുതൽ (അതാത് മാസം 20- ാം തീയതിക്കുള്ളിൽ മസ്റ്റർ ചെയ്യുന്നവർക്ക്) പെൻഷൻ അനുവദിക്കുന്നതുമാണ്. മസ്റ്റർ ചെയ്യുന്നതിനു മുമ്പുള്ള അർഹതപ്പെട്ട പെൻഷൻ കുടിശ്ശിക ഇതിനായി സർക്കാർ ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് വിതരണം നടത്തുന്നതുമാണ്. |
| (സി) | നിലവിൽ പെൻഷൻ വാങ്ങുന്നവർക്ക് മസ്റ്ററിംഗ് നടത്തുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | മസ്റ്റർ ചെയ്തവർക്കോ, ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയവർക്കോ മാത്രമാണ് പെൻഷൻ നൽകി വരുന്നത്. 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടിട്ടുള്ളവരാണ് മസ്റ്ററിംഗ് നടത്തേണ്ടത്. നിലവിൽ പെൻഷൻ വാങ്ങിക്കുന്നവർ വീണ്ടും മസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ